നീ സുജൂദ് ചെയ്താൽ നിന്റെ രണ്ട് കൈപ്പത്തികളും (ഭൂമിയിൽ) വെക്കുകയും, നിന്റെ കൈമുട്ടുകൾ ഉയർത്തുകയും ചെയ്യുക

ബറാഅ് ബ്നു ആസിബ് -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറയുന്നു: "നീ സുജൂദ് ചെയ്താൽ നിന്റെ രണ്ട് കൈപ്പത്തികളും (ഭൂമിയിൽ) വെക്കുകയും, നിന്റെ കൈമുട്ടുകൾ ഉയർത്തുകയും ചെയ്യുക."

[صحيح] [رواه مسلم]

നിസ്കാരത്തിൽ സുജൂദ് ചെയ്യുമ്പോൾ എങ്ങനെയാണ് കൈകൾ വെക്കേണ്ടത് എന്ന കാര്യം നബി -ﷺ- ഈ ഹദീഥിൽ വിവരിക്കുന്നു. രണ്ട് കൈപ്പത്തികളും ഭൂമിയിൽ (തറയിൽ) അമർത്തി വെക്കുകയും, ഖിബ്ലയുടെ ദിശയിലേക്ക് കൈവിരലുകൾ വരുന്ന വിധത്തിൽ അവ ചേർത്തു പിടിക്കുകയും ചെയ്യണം . അതോടൊപ്പം കൈമുട്ടുകൾ ഭൂമിയിൽ സ്പർശിക്കാതെ ഉയർത്തി പിടിക്കുകയും രണ്ട് പാർശ്വങ്ങളിൽ നിന്നും അകറ്റി പിടിക്കുകയും വേണം.

http://sunnah.global/hadeeth/ml/show/10927